# നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ഫെലോഷിപ്പ് 1995 - 2009. ഒരു തിരിഞ്ഞുനോട്ടം.

**തയ്യാറാക്കിയത് പാസ്റ്റർ പി.പി. കുര്യൻ - അറ്റ്ലാൻറാ.**



മലയാളക്കരയിൽ പടർന്നുകത്തിയ ആത്മാവിൻെറ അഗ്നിയുടെ ദീപ ശിഖ അണയാതെ കരങ്ങളിലേന്തി പ്രവാസിനാട്ടിൽ പിൻതലമുറക്കാർ ആത്മാവിലും സത്യത്തിലുമുള്ള ആരാധനക്കുവേണ്ടി ദാഹിച്ചും അതിനുവേണ്ടിയുള്ള ആകാംക്ഷയുംമൂലം പിൻതലമുറക്കു ഒരു മാർഗ്ഗദർശിയായി മുന്നേറുവാനുള്ള താല്പര്യം കൊണ്ട് ദൈവസഭയുടെ സന്താനങ്ങളെ ഒന്നിച്ച് അണിനിരത്തുവാനുള്ള താല്പര്യവും അതൊടൊപ്പം അമേരിക്കൻ ഐക്യനാടുകളുടെ വിവിധ സംസ്ഥാനങ്ങളിൽ ചിതറിപ്പാർക്കുന്ന ദൈവജനങ്ങളുടെ ഒന്നിച്ചുള്ള ഒരു ആരാധന ലക്ഷ്യമാക്കി ദൈവസഭയിലെ ശുശ്രൂഷകൻമാരും പ്രതിനിധികളും ഒന്നിച്ച് പാസ്റ്റർ ഏബ്രഹാം വർഗീസ് കോർഡിനേറ്ററായി പ്രവർത്തിച്ച് 1993 മാർച്ച് 29 ന് ന്യൂയോർക്കിൽ ക്യൂൻസ് ദൈവസഭാഹാളിൽ പാസ്റ്റർ പി. തോമസ്സിൻെറ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക യോഗം കൂടുകയും അവിടെ വെച്ച് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ഫെലോഷിപ്പ് എന്ന നാമകരണത്താൽ ദൈവസഭക്ക് ഒരു കൂട്ടായ്മ ഉടലെടുത്തു. അംഗുലിപരിമിതങ്ങളായിരുന്ന ദൈവസഭയുടെ സഭകൾ ഇപ്പോൾ അമേരിക്കൻ ഐക്യനാടുകളുടെ വിവിധ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഇടയായി. മലയാളി ദൈവസഭകൾക്ക് ഇദംപ്രദമായി ന്യൂയോർക്കിൽ പാസ്റ്റർ മത്തായി പി. മത്തായിയുടെ നേതൃത്വത്തിൽ 1973ൽ ആരംഭിച്ച ബ്രൂക്കിലിൻ ചർച്ച് ഓഫ് ഗോഡായിരുന്നു. ദൈവസഭകളുടെ ഒന്നാമത്തെ സമ്മേളനം മുതൽ 14-ാമത്തെ സമ്മേളനം വരെയുള്ള ഒരു സംക്ഷിപ്ത വിവരങ്ങൾ ഉൾകൊള്ളിക്കുവാനാണ് ഈ തിരിഞ്ഞുനോട്ടം മൂലം ഉദ്ദേശിക്കുന്നത്. ഓരോ സമ്മേളനങ്ങളുടേയും പ്രധാനപ്പെട്ട വിവരങ്ങൾ മാത്രമേ പ്രസിദ്ധപ്പെടുത്തുന്നുള്ളു. പ്രവാസികളുടെ ഇടയിൽ ആതമീക മാറ്റങ്ങളുടെ സ്ഫുരണങ്ങൾ അവിടവിടെ ദർശിക്കാമെങ്കിലും ഉണർവ്വിൻെറ ജ്വാലകളിൽ അശുദ്ധികൾ മാറി ശുദ്ധിയുള്ളവരാകുവാൻ ഒരു ന്യൂനപക്ഷം കാത്തിരിക്കുന്നു. സാഹചര്യങ്ങളുടെ തള്ളലും പുതിയ ആശയങ്ങൾ ഉയർന്നു ശക്തിയായി ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന ആത്മീയഗോളത്തിൽ മൂല്യച്ചുതി സംഭവിക്കാതെ ജീവിതങ്ങളെ കാത്തുസൂക്ഷിക്കുവാൻ ദൈവസഭകളിലെ വിശ്വാസികളെ ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നു. പിതാക്കൻമാരുടെ അതിർവരമ്പുകൾ ലംഘിച്ചു മുന്നേറുന്ന തലമുറകളെ വിശ്വാസത്തിൻെറ പാതയിൽ ഉറപ്പിച്ചു നിർത്തുവാൻ നമ്മുടെ സമ്മേളനങ്ങൾ മൂലം ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. സാമ്പത്തിക ഉയർച്ചയിൽ മയങ്ങിപ്പോകാതെ വിശ്വാസസത്യങ്ങളെ മുറുകെപ്പിടിക്കുവാൻ വിമുഖതകാട്ടാതെ ഇരുന്നതുമൂലം പ്രവർത്തനങ്ങൾക്കുള്ള വഴികൾ തുറന്നുലഭിച്ചപ്പോൾ അവസരങ്ങൾ പാഴാക്കാതെ പ്രവർത്തിച്ചതിനാൽ ദൈവസഭകൾക്ക് അഭിമാനകരമായി നിലകൊള്ളുവാൻ സാധിക്കുന്നു.

## ഒന്നാമത് സമ്മേളനം - ന്യൂയോർക്ക് 1995

ന്യൂയോർക്കിൽ ഫ്രാൻസിസ് ലൂയിസ് സ്ക്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് ദൈവസഭകളുടെ ആദ്യത്തെ സമ്മേളനം നടക്കുവാൻ ഇടയായി. അന്നത്തെ ദൈവസഭാ ഓവർസിയർ ഡോ.ലാമർ വെസ്റ്റ് മുഖ്യ പ്രഭാഷകൻ ആയിരുന്നു. . റവ. റ്റി.വി. ജോർജ്ജ് - ഡാളസ് (പ്രസിഡണ്ട്), റവ. പി. തോമസ് (വൈസ് പ്രസിഡണ്ട്), റവ. സി.വി. ആൻഡ്രൂസ് (സെക്രട്ടറി), റവ. സാമുവേൽ വർഗീസ് (ട്രഷറാർ), റവ. ഫിലിപ്പ് തോമസ് (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ ഗ്രേസി ഏബ്രഹാം (ലേഡീസ് കോ-ഓർഡിനേറ്റർ) എന്നിവരായിരുന്നു ഇതിൻെറ ഭാരവാഹികൾ. പബ്ലിസിറ്റി, മീഡിയാ എന്നിവക്ക് പാസ്റ്റർ മോനി മാത്യു, പാസ്റ്റർ പി.പി. കുര്യൻ എന്നിവർ പ്രവർത്തിച്ചു. സമ്മേളനം ഏറ്റവും അനുഗ്രഹപ്രദമായി തീരുവാൻ സർവ്വശക്തൻ കൃപ നൽകി.

## രണ്ടാമത് സമ്മേളനം – ടെന്നസി

ഒന്നാമത്തെ സമ്മേളനത്തിനോടനുബന്ധിച്ചു നടന്ന ജനറൽ ബോഡിയിൽ രണ്ടാമത്തെ സമ്മേളനത്തിനു വേണ്ടിയുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ആയതിലേക്ക് റവ.ഡോ. കെ.ജെ. മാത്യു (പ്രസിഡണ്ട്), റവ. ഏബ്രഹാം വർഗിസ് (വൈസ് പ്രസിഡണ്ട്), റവ. ബാബു എം. ജോൺ (സെക്രട്ടറി), റവ. സാമുവേൽ വർഗിസ് (ട്രഷറാർ), റവ. നെൽസൺ പി. ജോൺ (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ കുഞ്ഞുമോൾ മാത്യു (ലേഡീസ് കോ-ഓർഡിനേറ്റർ), നാഷണൽ പ്രതിനിധികളായി സിസ്റ്റർ സൂസൻ ബി. ജോൺ, കുഞ്ഞമ്മ മാത്യു എന്നിവരെ തിരഞ്ഞെടുത്തു. ദൈവസഭയുടെ ആസ്ഥാനമായ ലീ കോളജിൽ വെച്ചാണ് പ്രസ്തുത സമ്മേളനം നടത്തപ്പെട്ടത്. 1997 ആഗസ്റ്റിൽ നടത്തിയ പ്രസ്തുത കൺവൻഷനിൽ ഡോ. റെയ് എച്ച്. ഹ്യൂസ്, റവ. ഡെന്നിസ് മക്ഗ്വയർ, ഇവ. സുരേഷ് ബാബു എന്നിവർ വചനഘോഷണം നടത്തി. സമ്മേളനത്തിനുശേഷം എല്ലാവർഷവും സമ്മേളനങ്ങൾ നടത്തുവാനുള്ള താല്പര്യം ഉണ്ടാവുകയും മൂന്നാമതു സമ്മേളനം ഡാളസ്സിൽവെച്ച് നടത്താൻ തീരുമാനിക്കുകയും അതിൻെറ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

## മൂന്നാമതു സമ്മേളനം – ഡാളസ്സ്

മൂന്നാമതു നാഷണൽ കൺവൻഷൻ ഡാളസ്സിൽ "ഇതാ ഞാൻ വേഗം വരുന്നു" എന്ന ചിന്താ വിഷയത്തോടെ ആരംഭിച്ചു. ആമേൻ കർത്താവേ വരേണമേ എന്നുള്ള പ്രാർത്ഥനയോടെ പര്യവസാനിച്ചു. 22 യുവജനങ്ങൾ കർത്താവിൻെറ വേലക്കുവേണ്ടി സമർപ്പിച്ചു. റവ. റ്റി. വി. ജോർജ്ജ് (പ്രസിഡണ്ട്), റവ. സി.വി. ആൻഡ്രൂസ് (വൈസ് പ്രസിഡണ്ട്), റവ. മോനി മാത്യു (സെക്രട്ടറി), ബ്രദർ ബഞ്ചമിൻ ജോർജ്ജ് (ട്രഷറാർ), റവ. ഫിലിപ്പ് തോമസ് (യൂത്ത് കോ-ഓർഡിനേറ്റർ),റവ. തോമസ് സഖറിയ, റവ. സാമുവേൽ വർഗീസ്, റവ. റ്റി.സി. ചാക്കോ, റവ. കെ.റ്റി.ജോൺ (നാഷണൽ പ്രതിനിധികൾ), ലേഡീസ് മിനിസ്ട്രിക്കായി സിസ്റ്റർ സൂസൻ ബി. ജോൺ (പ്രസിഡണ്ട്), സിസ്റ്റർ സൂമോൾ ഏബ്രഹാം (സെക്രട്ടറി),സിസ്റ്റർ ലീലാമ്മ വർഗീസ് (ട്രഷറാർ), സിസ്റ്റർ തങ്കമ്മ തോമസ്, സിസ്റ്റർ കുഞ്ഞുമോൾ മാത്യു (നാഷണൽ പ്രതിനിധികൾ) എന്നിവരായിരുന്നു ഇതിൻെറ ഭാരവാഹികൾ. റവ. ഡെന്നിസ് മക്ഗ്വയർ, റവ. മാർക്ക് എൻശ്രിത്ത് എന്നിവരായിരുന്നു പ്രധാന പ്രാസംഗീകർ. കൂടാതെ റവ. വൈ.സഖറിയ, റവ. സി.വി. ആൻഡ്രൂസ് എന്നിവരും വചനഘോഷണം നടത്തി. ഞായറാഴ്ച രാവിലെ ആരാധനക്ക് റവ. ബാബു എം. ജോൺ നേതൃത്വം നൽകി. റവ. പി.പി.കുര്യൻ സങ്കീർത്തനം വായിച്ചു. റവ. റ്റി.വി. ജോർജ്ജിൻെറ നേതൃത്വത്തിൽ കർത്തൃമേശയും നടന്നു. ശനിയാഴ്ച നടന്ന കുട്ടികളുടെ താലന്തു പരിശോധനയിൽ റവ. ജോൺ തോമസ് നേതൃത്വം നല്കി. യുവജനസമ്മേളനത്തിന് ഡോ. ഏഴംകുളം സാംകുട്ടി നേതൃത്വം നല്കി. സിസ്റ്റർ നിസ്സി കുര്യൻ, ബ്രദർ ബഞ്ചമിൻ വർഗീസ് എന്നിവർ വിവിധ വിഷയങ്ങളെ കുറിച്ച് സംസാരിച്ചു. പ്രസ്തുത സമ്മേളനത്തിൽ കർത്തൃവേലക്കു പ്രതിഷ്ഠിച്ച ബ്രദർ ഫിജോയ് ജോൺസൺ ലീ യൂണിവേഴ്സിറ്റിയിൽ തൻെറ പഠനം പൂർത്തീകരിച്ചു ടെന്നസ്സിയിൽ കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്നു.

## നാലാമതു സമ്മേളനം – ഫിലദെൽഫിയ

ചില സാങ്കേതിക തടസ്സങ്ങൾകൊണ്ട് ന്യൂജേഴ്സിയിൽ നടത്തുവാനിരുന്ന കൺവൻഷൻ ഫിലദെൽഫിയായിലേക്ക് മാറ്റേണ്ടിയതായി വന്നു. ഏബൻ-ഏസർ ദൈവസഭാ ആഡിറ്റോറിയത്തിൽവെച്ചു നാലാമതു കൺവൻഷൻ അനുഗ്രഹകരമായി നടന്നു. റവ. ഡെന്നിസ് മക്ഗ്വയർ, റവ. ടി.എൽ ലൗറി, റവ. ആൻഡ്രു ബിൻഡാ എന്നിവരായിരുന്നു മുഖ്യ പ്രാസംഗീകർ. വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ ഇതിൻെറ പ്രോഗ്രാമുകൾ നടക്കുകയുണ്ടായി. റവ. ഏബ്രഹാം വർഗീസ് (പ്രസിഡണ്ട്), റവ. ഏബ്രഹാം തോമസ് (വൈസ് പ്രസിഡണ്ട്), റവ. പി.പി. കുര്യൻ (സെക്രട്ടറി), റവ. ബാബു ഐപ്പ് (ട്രഷറാർ), ഇവ. സുശീൽ മാത്യു (യൂത്ത് കോ-ഓർഡിനേറ്റർ), റവ. സി.വി. ആൻഡ്രൂസ്, റവ.ജോൺ തോമസ്, റവ. ജോൺസൺ സഖറിയ, ബ്രദർ എ.വി. ദാനിയേൽ, റവ. കുര്യൻ ജോർജ്ജ്, റവ. ജോർജ്ജ് വർഗീസ്, ബ്രദർ ജോർജ്ജ് പി. മാത്യു, ബ്രദർ കെ.കെ. പോൾ(നാഷണൽ പ്രതിനിധികൾ), റവ. മോനി മാത്യു (മീഡിയാ കോർഡിനേറ്റർ) ലേഡീസ് മിനിസ്ട്രിക്കായി സിസ്റ്റർ മിനി മാത്യു (പ്രസിഡണ്ട്), സിസ്റ്റർ റേച്ചൽ ജോസഫ് (സെക്രട്ടറി), സിസ്റ്റർ ലീലാമ്മ കുര്യൻ (ട്രഷറാർ), സിസ്റ്റർ തങ്കമ്മ ആൻഡ്രൂസ്, സിസ്റ്റർ ഗ്രേസി പോൾ (നാഷണൽ പ്രതിനിധികൾ) എന്നിവരായിരുന്നു ഇതിൻെറ ഭാരവാഹികൾ. റവ. ബേബി ദാനിയേൽ, റവ.ഏബ്രഹാം ചാക്കോ എന്നിവർ ലോക്കൽ കോർഡിനേറ്റർമാരായും പ്രവർത്തിച്ചു. ഇദംപ്രഥമമായി

നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യ) ഫെല്ലോഷിപ്പിൻെറ ഒരു സുവനീർ പ്രസിദ്ധീകരിക്കാൻ പ്രസ്തുത കൺവൻഷൻ ഭാരവാഹികൾക്ക് ഇടയായി. റവ. ഏബ്രഹാം വർഗീസ് (പബ്ലീഷർ), റവ. ബാബു ഐപ്പ് (ചീഫ് എഡിറ്റർ), റവ. പി.പി. കുര്യൻ (മാനേജിങ് എഡിറ്റർ), റവ. ഏബ്രഹാം തോമസ്, ബ്രദർ സുശീൽ മാത്യു (എഡിറ്റർ), റവ. ഏബ്രഹാം ചാക്കോ, റവ.മോനി മാത്യു, റവ. ബഞ്ചമിൻ തോമസ്, റവ. ഷാജി കാരക്കൽ, റവ. ജോൺസൺ സഖറിയ, റവ.ജോൺ തോമസ്, ബ്ര. റോയി മേപ്രാൽ, ബ്ര.റജി ഫിലിപ്പ്, ബ്ര. ലസ്ലി വർഗിസ് (എഡിറ്റോറിയൽ ബോർഡു മെമ്പേഴ്സ്) എന്നിവരായിരുന്നു ഇതിൻെറ പ്രവർത്തകർ. ശനിയാഴ്ച ഉച്ചകഴിഞ്ഞുനടന്ന ജനറൽബോഡിയിൽ അഞ്ചാമതു നാഷണൽ കൺവൻഷൻ ന്യൂയോർക്കിൽ നടത്താൻ തീരുമാനിച്ചു.

## അഞ്ചാമതു സമ്മേളനം - ന്യൂയോർക്ക്

അഞ്ചാമതു നാഷണൽ കൺവൻഷൻ 2000 ആഗസ്റ്റിൽ ന്യൂയോർക്ക് യോങ്കേഴ്സ് ദൈവസഭാ ആഡിറ്റോറിയത്തിൽവെച്ചു നടന്നു. വിവിധ രീതിയിലുള്ള പ്രോഗ്രാമുകൾ ഉൾകൊള്ളിച്ചുള്ള മീറ്റിംഗുകൾ അനുഗ്രഹമായി നടന്നു. റവ. പി.തോമസ് (പ്രസിഡണ്ട് ), റവ. ബേബി ദാനിയേൽ (വൈസ് പ്രസിഡണ്ട്), റവ .ജോൺസൺ സഖറിയ (സെക്രട്ടറി), ബ്ര. എ.വി. ദാനിയേൽ (ട്രഷറാർ), ബ്ര. മാത്യു ജോസഫ് (യൂത്ത് കോ-ഓർഡിനേറ്റർ), ലേഡീസ് വിഭാഗത്തിലേക്ക് സിസ്റ്റർ കുഞ്ഞമ്മ മാത്യു (പ്രസിഡണ്ട്), സിസ്റ്റർ ശോശാമ്മ ദാനിയേൽ (സെക്രട്ടറി), സിസ്റ്റർ ഗ്ലോറി വർഗിസ് (ട്രഷറാർ), സിസ്റ്റർ ആനി ജോൺ, സിസ്റ്റർ തങ്കമ്മ തോമസ് (നാഷണൽ പ്രതിനിധികൾ). എന്നിവരായിരുന്നു ഇതിൻെറ ഭാരവാഹികൾ. റവ. സാമുവേൽ സന്താന (അരിസോണ) മുഖ്യ പ്രാസംഗികൻ ആയിരുന്നു. പാസ്റ്റർ റ്റി. വി. ജോർജ്ജ്, പാസ്റ്റർ ജോ കുര്യൻ എന്നിവരും ദൈവവചനഘോഷണം നടത്തി. റവ. പി.പി. കുര്യൻ ലോക്കൽ കോ-ഓർഡിനേറ്ററായി സേവനമനുഷ്ഠിച്ചു. "വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു" (റോമർ 13:11) എന്നതായിരുന്നു ചിന്താവിഷയം. നാഷണൽ പ്രതിനിധികളായി പാസ്റ്റേഴ്സ് കെ.ജെ. മാത്യു, റ്റി.വി. ജോർജ്ജ്, സാമുവേൽ വർഗ്ഗീസ്, റ്റി. തോമസ്, ടി.സി. ചാക്കോ, ബാബു എം. ജോൺ, ജോർജ്ജ് വർഗീസ്, മോനി മാത്യു എന്നിവരും ബ്രദർ റജി ഫിലിപ്പ് മീഡിയാ കോർഡിനേറ്ററായും പ്രവർത്തിച്ചു. ശനിയാഴ്ച നടന്ന ജനറൽബോഡി മീറ്റിംഗിൽ ആറാമതു നാഷണൽ കൺവൻഷൻെറ ഭാരവാഹികളെ തിരഞ്ഞെടുത്തു.

## ആറാമതു സമ്മേളനം - അറ്റ്ലാൻ്റാ

ആറാമതു നാഷണൽ കൺവൻഷൻ 2001 ആഗസ്റ്റിൽ അറ്റ്ലാൻ്റായിൽവെച്ചു നടന്നു. റവ.സി.വി. ആൻഡ്രൂസ് (പ്രസിഡണ്ട്), റവ.ജോർജ്ജ് തോമസ് (വൈസ് പ്രസിഡണ്ട്), റവ.സാമുവേൽ വർഗിസ് (സെക്രട്ടറി), ബ്ര.ഫിലിപ്പ് വർഗീസ് (ട്രഷറാർ), ബ്ര.സ്റ്റാൻലി ചാക്കോ (യൂത്ത് കോ-ഓർഡിനേറ്റർ), ബ്ര.റോയി മേപ്രാൽ (മീഡിയാ കോർഡിനേറ്റർ), റവ.തമ്പി മാത്യു (ലോക്കൽ കോർഡിനേറ്റർ), ലേഡീസ് വിഭാഗത്തിൽ സിസ്റ്റർ സാറാമ്മ മത്തായി (പ്രസിഡണ്ട്), സിസ്റ്റർ ജയിനമ്മ ഫിലിപ്പോസ് (സെക്രട്ടറി), സിസ്റ്റർ മറിയാമ്മ ആൻഡ്രൂസ് (ട്രഷറാർ) സിസ്റ്റർ മോളി ഐപ്പ്, സിസ്റ്റർ ശാന്തമ്മ മത്തായി (നാഷണൽ പ്രതിനിധികൾ) എന്നിവരായിരുന്നു ഇതിൻെറ ഭാരവാഹികൾ. റവ. ജോൺ കോൾബോ, റവ.ഡോ. യോനാഥാൻ റാംസി, റവ.ഡോ. ഡേവിഡ് കൂപ്പർ എന്നിവരായിരുന്നു മുഖ്യപ്രാസംഗീകർ. കൂടാതെ റവ.ടി.വി. ജോർജ്ജ്, റവ.പി. തോമസ്, ഇന്നു നിത്യതയിൽ വിശ്രമിക്കുന്ന റവ. വി.സി. ഇട്ടി എന്നിവർ മലയാളത്തിലും ശുശ്രൂഷിച്ചു. ശനിയാഴ്ച നടന്ന ജനറൽ ബോഡിയിൽ ഏഴാമതു നാഷണൽ കൺവൻഷൻ ന്യൂജേഴ്സിയിൽ നടത്തുവാൻ തീരുമാനിച്ചു.

## ഏഴാമതു സമ്മേളനം - ന്യൂജേഴ്സി

ഏഴാമതു നാഷണൽ കൺവൻഷൻ ന്യൂജേഴ്സി ഹാസ്ബ്രൗക്ക് ഹൈറ്റ്സിലുള്ള ഹിൽട്ടൺ ഹോട്ടലിൽ വെച്ചു 2002 ജൂലൈ 25 - 28 വരെ വിവിധ പരിപാടികളോടെ നടന്നു. റവ. ഏബ്രഹാം വർഗീസ് കൺവൻഷൻ ഉത്ഘാടനം ചെയ്തു. റവ.ജോൺസൺ സഖറിയാ സ്വാഗത പ്രസംഗം നടത്തി. റവ.ഡോ. യോനാഥാൻ റാംസി, റവ.മാർക്ക് വില്യംസ് എന്നിവരും റവ. ഷോൺ ടീൽ യുവജനങ്ങളുടെയിടയിലും മുഖ്യപ്രാസംഗീകർ ആയിരുന്നു. കൂടാതെ റവ. കെ.സി.ജോൺ (ഓവർസിയർ-കേരളം), റവ. കെ.എം.

തങ്കച്ചൻ (ഓവർസിയർ–കൽക്കട്ട), റവ.എ. മത്തായി (ഓവർസിയർ– മുംബൈ), റവ.റ്റി.വി.ജോർജ് എന്നിവർ മലയാളത്തിലും ശുശ്രൂഷിച്ചു. റവ. ഏബ്രഹാം വർഗീസ് (പ്രസിഡണ്ട്), റവ. ജോൺസൺ സഖറിയാ (വൈസ് പ്രസിഡണ്ട്), ബ്ര. വിജു പി. തോമസ് (സെക്രട്ടറി), ബ്ര. സാജൻ തോമസ് (ട്രഷറാർ), ബ്ര. ലസ്ലി വർഗീസ് (യൂത്ത് കോ–ഓർഡിനേറ്റർ) ബ്രദർ ഷാജി വെണ്ണിക്കുളം (മീഡിയാ കോർഡിനേറ്റർ), ബ്രദർ റോയി മേപ്രാൽ (ഓഡിറ്റർ). ലേഡീസ് മിനിസ്ട്രിക്കായി സിസ്റ്റേഴ്സ് മേഴ്സി തോമസ് (പ്രസിഡണ്ട്), കുഞ്ഞുമോൾ മാത്യു (സെക്രട്ടറി), അമ്മിണി മാത്യു (ട്രഷറാർ), നാഷണൽ പ്രതിനിധികളായി ലീലാമ്മ കുര്യൻ, ആനി നെൽസൺ എന്നിവരായിരുന്നു ഇതിൻെറ ഭാരവാഹികൾ. റവ. സാമുവേൽ വർഗീസ് ലോക്കൽ കോർഡിനേറ്ററായി പ്രവർത്തിച്ചു. പാസ്റ്റർ പി.പി. കുര്യൻ, പാസ്റ്റർ ബേബി ദാനിയേൽ, പാസ്റ്റർ പി. വി. മാത്യു, ബ്രദർ സണ്ണി എം. കോശി, എ. സി. തോമസ്സ്, വർഗ്ഗീസ് ജോസഫ്, മാത്യു തോമസ്സ് എന്നിവർ നാഷണൽ കമ്മിറ്റിയിൽ പ്രവർത്തിച്ചു. "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിൻെറ കൂടാരം" (വെളി. 21:3) എന്നതായിരുന്നു ചിന്താവിഷയം. ശനിയാഴ്ച നടന്ന ജനറൽബോഡിയിൽ എട്ടാമത്തെ കൺവൻഷൻ ടെന്നസിയിൽ നടത്തുവാൻ തീരുമാനിച്ചു.

## എട്ടാമതു സമ്മേളനം – ടെന്നസി

എട്ടാമതു നാഷണൽ കൺവൻഷൻ ടെന്നസിയിലുള്ള സിറ്റി ചർച്ച് ആഡിറ്റോറിയത്തിൽവെച്ച് നടന്നു. റവ. ജോൺ ചൈൽഡ്രേഴ്സ്, റവ. കെവിൻ വാല്ലസ്, റവ. ലാറി ടിമ്മർമൻ, റവ. ഡെന്നിസ് മക്ഗ്വയർ റവ. മൈക്ക് ചാപ്പ്മാൻ എന്നിവരായിരുന്നു മുഖ്യ പ്രാസംഗീകർ. ഭാരവാഹികളായി റവ.ഡോ. കെ.ജെ.മാത്യു (പ്രസിഡണ്ട്), റവ. പി.പി. കുര്യൻ (വൈസ് പ്രസിഡണ്ട്), ബ്രദർ കെ.കെ.പോൾ (സെക്രട്ടറി), ബ്രദർ വർഗീസ് ജോസഫ് (ട്രഷറാർ), ബ്രദർ ഫിലിപ്പ് വർഗീസ് (യൂത്ത്) ബ്രദർ സാജൻ തോമസ് (ലോക്കൽ കോർഡിനേറ്റർ), ബ്രദർ ഷാജി വെണ്ണിക്കുളം (മീഡിയാ കോർഡിനേറ്റർ) ബ്രദർ റോയി മേപ്രാൽ (ഓഡിറ്റർ) എന്നിവരും നാഷണൽ പ്രതിനിധികളായി റവ. ജോൺസ് മാത്തൻ, ബ്രദർ ഡേവിഡ് കുരുവിള (ന്യൂയോർക്ക്), റവ. രാജൻ സ്കറിയാ (ന്യൂജേഴ്സി), റവ. ജോണിക്കുട്ടി പി. ജോൺ (പെൻസിൽവേനിയ), ബ്രദർ രാജൻ ചാക്കോ (ടെന്നസി), റവ. ടി.സി. ചാക്കോ (ഹൂസ്റ്റൺ), ബ്രദർ വർഗീസ് വർഗീസ് (ഡാളസ്), റവ. ജയിംസ് റിച്ചാർഡ് (ഒക്കലഹോമ), ബ്രദർ ഷാജി ജോൺ (ജോർജിയ), റവ. ബാബു എം. ജോൺ (ഫ്ലോറിഡ) എന്നിവരും ലേഡീസ് മിനിസ്ട്രിക്കായി സിസ്റ്റേഴ്സ് അന്നമ്മ സഖറിയാ (പ്രസിഡണ്ട്), കുഞ്ഞുമോൾ മാത്യു (സെക്രട്ടറി), സൂസൻ ബി. ജോൺ (ട്രഷറാർ), നാഷണൽ പ്രതിനിധികളായി ആനി പി. ജോൺ, ശോശാമ്മ ദാനിയേൽ എന്നിവരും പ്രവർത്തിച്ചു. "ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പീൻ" (കൊലൊ. 3:1-2) എന്നതായിരുന്നു ചിന്താവിഷയം.

## ഒൻപതാമതു സമ്മേളനം – ഡാളസ്സ്

പാസ്റ്റർ റ്റി. വി. ജോർജ് (പ്രസിഡണ്ട്), പാസ്റ്റർ മോനി മാത്യു (വൈസ് പ്രസിഡണ്ട്), ബ്രദേഴ്സ് സാജൻ തോമസ്സ് (സെക്രട്ടറി), ഡേവിഡ് കുരുവിള (ട്രഷറാർ), ജോസൻ തോമസ്സ് (യൂത്ത് കോർഡിനേറ്റർ) പാസ്റ്റർ ജോൺസൺ സഖറിയാ (ലോക്കൽ കോർഡിനേറ്റർ) നാഷണൽ പ്രതിനിധികളായി പാസ്റ്റേഴ്സ് ജോസ് വി. ആനിക്കാട്, ജോണിക്കുട്ടി പി. ജോൺ, തോമസ്സ് കോശി, ഏബ്രഹാം ഫിലിപ്പ്, സാക് വർഗീസ്, ഏബ്രഹാം തോമസ്സ്, ബാബു എം. ജോൺ, സണ്ണി താഴാംപള്ളം, ജോസഫ് മാത്യു, ഫിജോയ് ജോൺസൺ, റ്റോം സഖറിയ എന്നിവരും; ലേഡീസ് വിഭാഗത്തിലേക്ക് സിസ്റ്റേഴ്സ് അച്ചാമ്മ ചാക്കോ (പ്രസിഡണ്ട്), അമ്മിണി തങ്കച്ചൻ (സെക്രട്ടറി), സോളി രാജൻ (ട്രഷറാർ), പൊന്നമ്മ തോമസ്സ് (സൗത്ത് വെസ്റ്റ്), അമ്മിണി മാത്യു (നോർത്ത് ഈസ്റ്റ്), ലില്ലിക്കുട്ടി ജോൺസൺ (ലോക്കൽ കോർഡിനേറ്റർ) എന്നിവരായിരുന്നു 2004 ജൂലൈ 29 മുതൽ ആഗസ്റ്റ് ഒന്നു വരെ നടന്ന ഒമ്പതാമതു സമ്മേളനത്തിൻെറ ഭാരവാഹികൾ. റവ. ഡോ. പോൾ വാക്കർ, റവ. കെൽവിൻ കോബാറീസ്, റവ. അല്ലൻ മതുറാ എന്നിവരായിരുന്നു പ്രധാന പ്രാസംഗീകർ. "ഞാൻ ആരെ അയക്കേണ്ടു ആർ നമുക്കുവേണ്ടി പോകും" (യെശ.6:8) എന്നതായിരുന്നു ചിന്താവിഷയം.

## പത്താമതു സമ്മേളനം – ഫ്ലോറിഡ

പാസ്റ്റർ ബാബു എം. ജോണിൻെറ നേതൃത്വത്തിൽ കോറൽ സ്പ്രിങ്ങിൽ ഉള്ള മാരിയോട്ടു ഹോട്ടലിൽ വെച്ച് 2005 ജൂലൈ 28 – 31 വരെ പത്താമതു സമ്മേളനം അനുഗ്രഹകരമായി നടന്നു. "എഴുന്നേറ്റു

പണിയുക" എന്നതായിരുന്നു ചിന്താവിഷയം. പ്രസ്തുതസമ്മേളനത്തിൻെറ ഭാരവാഹികളായി പാസ്റ്റർ ബാബു എം. ജോൺ (പ്രസിഡണ്ട്), പാസ്റ്റർ ജോൺ തോമസ്സ് (വൈസ് പ്രസിഡണ്ട്), ബ്രദേഴ്സ് വർഗീസ് വർഗീസ് (സെക്രട്ടറി), ജോസഫ് മാത്യു (ട്രഷറാർ), ഹാപ്പി അലക്സാണ്ടർ (യൂത്ത്), ഫിനോയ് ജോൺസൺ (മീഡിയാ). ലേഡീസ് വിഭാത്തിലേക്ക് സിസ്റ്റേഴ്സ് ജോളി ജോസഫ് (പ്രസിഡണ്ട്), കുഞ്ഞമ്മ മാത്യു (സെക്രട്ടറി), ഗ്ലോറി ജോസഫ് (ട്രഷറാർ), ഏലിയാമ്മ ഏബ്രഹാം (സൗത്ത്വെസ്റ്റ് പ്രതിനിധി), ഗ്ലോറി വർഗീസ് (നോർത്ത് ഈസ്റ്റ് പ്രതിനിധി), സൂസൻ ബി. ജോൺ (ലോക്കൽ കോർഡിനേറ്റർ). നാഷണൽ പ്രതിനിധികളായി എബി ഫിലിപ്പ് തോമസ്സ്, എ.എം. വർഗ്ഗീസ്സ്, ജോസ് വർഗീസ്, മാത്യു കെ. മാത്യു, പി.പി. കുര്യൻ, സാമുവേൽ വർഗ്ഗീസ്, തോമസ്സ് മാത്യു, വർഗീസ് ജോസഫ്, സുശീൽ മാത്യു, വർഗീസ് തോമസ്, ഫിനോയ് ജോൺസൺ എന്നിവരും ലോക്കൽ കോർഡിനേറ്ററായി ബ്രദർ ജോൺ ജേക്കബും പ്രവർത്തിച്ചു. ഡോ. ലാമാർ വെസ്റ്റ്, ഡോ. ഗാരി ഡോൺ സാൻറ്സ്, സിസ്റ്റർ വിക്കി വെസ്റ്റ് എന്നിവരായിരുന്നു മുഖ്യ പ്രാസംഗീകർ. കൂടാതെ സ്വദേശിയരും വിദേശിയരുമായ പല ദൈവ ദാസൻമാരും ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

## പതിനൊന്നാമതു സമ്മേളനം – ന്യൂയോർക്ക്

പാസ്റ്റർ മോനി മാത്യുവിൻെറ നേതൃത്വത്തിൽ പതിനൊന്നാമതു സമ്മേളനം അനുഗ്രഹകരമായി നടന്നു. പ്രസ്തുതസമ്മേളനത്തിൻെറ ചുമതലവഹിച്ചവർ:- പാസ്റ്റർ മോനി മാത്യു (പ്രസിഡണ്ട്), പാസ്റ്റർ തോമസ് മാത്യു (വൈസ് പ്രസിഡണ്ട്), ബ്രദർ ഏബ്രഹാം തോമസ് (സെക്രട്ടറി), ബ്രദർ ജോസ് വർഗീസ് (ട്രഷറാർ), പാസ്റ്റർ മാത്യു ഡി. ജോർജ്ജ് (യൂത്ത്) എന്നിവരും ലേഡീസ് വിഭാഗത്തിലേക്ക് സിസ്റ്റേഴ്സ് ഗ്ലോറി വർഗീസ് (പ്രസിഡണ്ട്), കുഞ്ഞുമോൾ മാത്യു (സെക്രട്ടറി), അമ്മിണി തങ്കച്ചൻ (ട്രഷറാർ), അന്നമ്മ ദാനിയേൽ (നോർത്ത് ഈസ്റ്റ്), ലാലി സാംകുട്ടി (സൗത്ത് വെസ്റ്റ്) അന്നമ്മ സഖറിയാ (ലേഡീസ് ലോക്കൽ കോർഡിനേറ്റർ) എന്നിവരും പ്രവർത്തിച്ചു. കൂടാതെ പാസ്റ്റർ തങ്കച്ചൻ തോമസ് (ലോക്കൽ കോർഡിനേറ്റർ), ബ്രദർ റോയി മേപ്രാൽ (പബ്ലിസിറ്റി), നാഷണൽ പ്രതിനിധികളായി ബ്രദർ തങ്കച്ചൻ ജോസഫ് (ഫ്ലോറിഡാ), ബ്രദർ ഷാജി വെണ്ണിക്കുളം (ജോർജിയാ), പാസ്റ്റർ ജോയി ജോൺ (മിച്ചിഗൺ), പാസ്റ്റർ സ്റ്റീഫൻ ബഞ്ചമിൻ (ന്യൂജേഴ്സി), പാസ്റ്റർ ബഞ്ചമിൻ തോമസ് (ന്യൂയോർക്ക്), ബ്രദർ ഡേവിഡ് കുരുവിള (ന്യൂയോർക്ക്), പാസ്റ്റർ പി. പി. കുര്യൻ (നോർത്ത് കരോളിന), പാസ്റ്റർ ജയിംസ് റിച്ചാർഡ് (ഒക്കലഹോമ), പാസ്റ്റർ സണ്ണി ബേബി (പെൻസിൽവേനിയ), ബ്രദർ തോമസ് ചാക്കോ (ടെന്നസ്സി), ബ്രദർ സാം ചെറിയാൻ (ഡാള്ളസ്), പാസ്റ്റർ സണ്ണി താഴാംപള്ളം (ഹ്യൂസ്റ്റൺ) എന്നിവർ ആയിരുന്നു. റവ. കെവിൻ വാലസ്, റവ. ആൻഡ്രു ബിൻഡ, റവ. പി. ജെ. ജയിംസ്, റവ. പി. ആർ. ബേബി, റവ. ജേക്കബ് മാത്യു എന്നിവർ ആയിരുന്നു മുഖ്യ പ്രാസംഗീകർ. "ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുക" എന്നതായിരുന്നു ചിന്താവിഷയം.

## പന്ത്രണ്ടാമതു സമ്മേളനം – ഹ്യൂസ്റ്റൺ

പ്രസ്തുതസമ്മേളനത്തിൻെറ ചുമതലവഹിച്ചവർ:- പാസ്റ്റർ ജോൺ തോമസ്സ് (പ്രസിഡണ്ട്), പാസ്റ്റർ ടി. സി. ചാക്കോ (വൈസ് പ്രസിഡണ്ട്), ബ്രദർ വർഗീസ് ജോസഫ് (സെക്രട്ടറി), ബ്രദർ തോമസ് ജോർജ്ജ് (ട്രഷറാർ), പാസ്റ്റർ ഫിജോയ് ജോൺസൺ (യൂത്ത്) പാസ്റ്റർ ഏബ്രഹാം തോമസ് (ലോക്കൽ കോർഡിനേറ്റർ), ലേഡീസ് വിഭാഗത്തിലേക്ക് സിസ്റ്റേഴ്സ് കുഞ്ഞുമോൾ മാത്യു (പ്രസിഡണ്ട്), വത്സമ്മ തോമസ് (സെക്രട്ടറി), റോസമ്മ റിച്ചാർഡ് (ട്രഷറാർ), ഗ്രേസി മാത്യു (സൗത്ത് വെസ്റ്റ്), സൂസമ്മ ഡേവിഡ് (നോർത്ത് ഈസ്റ്റ്). ബ്രദർ ഷാജി വെണ്ണിക്കുളം (പബ്ലിസിറ്റി), പാസ്റ്റർ പി. പി. കുര്യൻ (പബ്ലിക്കേഷൻ), ബ്രദർ റോയി മേപ്രാൽ (ഓഡിറ്റർ), നാഷണൽ പ്രതിനിധികളായി ബ്രദർ വിൽസൺ വർഗീസ് (കാനഡാ), ബ്രദർ വിജു തോമസ് (ഡാള്ളസ്), ബ്രദർ എ. വി. ദാനിയേൽ (ടെന്നസ്സി), പാസ്റ്റർ സി. വി. ആൻഡ്രൂസ് (ജോർജിയ), പാസ്റ്റർ ബാബു എം. ജോൺ (ഫ്ലോറിഡാ), പാസ്റ്റർ പി. പി. കുര്യൻ (നോർത്ത് കരോളിന), പാസ്റ്റർ ജയിംസ് റിച്ചാർഡ് (ഒക്കലഹോമ), പാസ്റ്റർ ഫിലിപ്പ് തോമസ് പാസ്റ്റർ ജയ്സ് ഏബ്രഹാം (ന്യൂയോർക്ക്), പാസ്റ്റർ രാജൻ സ്കറിയാ (ന്യൂജേഴ്സി), ബ്രദർ മാമ്മൻ മാത്യു (പെൻസിൽവേനിയ), ബ്രദർ ജോർജ്ജ് തോമസ് (ഹ്യൂസ്റ്റൺ) എന്നിവർ ആയിരുന്നു. "ഞങ്ങൾ മടങ്ങി വരേണ്ടതിനു ഞങ്ങളെ നിങ്കലേക്കു മടക്കി വരുത്തേണമേ" എന്നതായിരുന്നു ചിന്താവിഷയം. റവ. ടിം ഹിൽ

ആയിരുന്നു മുഖ്യപ്രാസംഗീകൻ. വെള്ളിയാഴ്ച നടന്ന ജനറൽബോഡിയിൽ പതിമൂന്നാമതു സമ്മേളനത്തിൻെറ ഭാരവാഹികളെ തിരഞ്ഞെടുത്തു. സമ്മേളനം ഒക്കലഹോമായിൽനടത്താൻ തീരുമാനിച്ചിരുന്നു.

## പതിമൂന്നാമതു സമ്മേളനം – ഒക്കലഹോമ

പാസ്റ്റർ ജയിംസ് റിച്ചാർഡിൻെറ നേതൃത്വത്തിൽ പതിമൂന്നാമതു സമ്മേളനം ജൂലൈ 17-20 വരെ ബിൽറ്റ്മോർ ഹോട്ടലിൽവെച്ചു അനുഗ്രഹകരമായി നടന്നു. പ്രസ്തുതസമ്മേളനത്തിൻെറ ചുമതലവഹിച്ചവർ:- പാസ്റ്റർ ജയിംസ് റിച്ചാർഡ് (പ്രസിഡണ്ട്), പാസ്റ്റർ പി.വി. മാത്യു (വൈസ് പ്രസിഡണ്ട്), ബ്രദർ ഫിനോയി ജോൺസൺ (സെക്രട്ടറി), ബ്രദർ സാം ചെറിയാൻ (ട്രഷറാർ), ബ്രദർ ജോർജ്ജ് വർഗീസ് (യൂത്ത്), ബ്രദർ വി. സി. ജോസഫ് (ലോക്കൽ കോർഡിനേറ്റർ), ലേഡീസ് വിഭാഗത്തിലേക്ക് സിസ്റ്റേഴ്സ് കുഞ്ഞമ്മ മാത്യു (പ്രസിഡണ്ട്), മേഴ്സി ജോസഫ് (സെക്രട്ടറി), പ്രൊഫ. ജോളി ജോസഫ് (ട്രഷറാർ), ഓമന റോയി (നോർത്ത് ഈസ്റ്റ്), അന്നമ്മ ബഞ്ചമിൻ (സൗത്ത് വെസ്റ്റ്) നാഷണൽ പ്രതിനിധികളായി പാസ്റ്റേഴ്സ് ഏബ്രഹാം തോമസ്, ബാബു എം. ജോൺ, ജോജോ ഡാനിയേൽ, രാജൻ പി. സ്കറിയ, എ.എം. വർഗീസ്, തങ്കച്ചൻ തോമസ്, പി. പി. കുര്യൻ ബ്രദേഴ്സ് ഷാജി വെണ്ണിക്കുളം, പി. എം. ജോർജ്ജ്, വിൽസൺ ജോൺ, ചാക്കോ ഏബ്രഹാം, തോമസ് ചാക്കോ, വിൽസൺ വർഗീസ് എന്നിവരും ബ്രദർ റോയി മേപ്രാൽ മീഡിയാകോർഡിനേറ്ററും ബ്രദർ ഏബ്രഹാം തോമസ് ഓഡിറ്ററായും പ്രവർത്തിച്ചു. റവ. ഒർവിൻ ഹാഗൺ, റവ.ഗ്ലെൻ ബഡോസ്കി, റവ. പി. ജി. മാത്യു, റവ. പി. ജെ. ജയിംസ്, റവ. പി. സി. ചെറിയാൻ എന്നിവർ ആയിരുന്നു മുഖ്യ പ്രാസംഗീകർ. "പോയി ഫലം കായ്പ്പിൻ" എന്നതായിരുന്നു ചിന്താവിഷയം.

## പതിനാലാമതു സമ്മേളനം – ഫിലദെൽഫിയാ

കർത്താവിൻെറ വരവു താമസിച്ചാൽ പതിനാലാമതു സമ്മേളനം ഫിലദെൽഫിയാ വാലിഫോർജ് കൺവൻഷൻ സെൻററിൽ വെച്ച് 2009 ആഗസ്റ്റ് 6 – 9 വരെ നടത്തുവാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി കൊണ്ടിരിക്കുന്നു. പ്രസ്തുത സമ്മേളനത്തിൻെറ ഭാരവാഹികളായി പാസ്റ്റർ ബേബി ദാനിയേൽ (പ്രസിഡണ്ട്), പാസ്റ്റർ സണ്ണി താഴാംപള്ളം (വൈസ് പ്രസിഡണ്ട്), ബ്രദർ സജി മാത്യു (സെക്രട്ടറി), ബ്രദർ ജോളി തോമസ് (ട്രഷറാർ), ബ്രദർ ഷാജൻ അലക്സാണ്ടർ (യൂത്ത്), പാസ്റ്റർ പി.പി. കുര്യൻ (മീഡിയാ & പബ്ലിക്കേഷൻ), ബ്രദർ റോയി മേപ്രാൽ (ലോക്കൽ കോർഡിനേറ്റർ), പാസ്റ്റർ ജോണിക്കുട്ടി പി. ജോൺ (ലോക്കൽ കൺവീനർ) ബ്രദർ റജി ഫിലിപ്പ് (ലോക്കൽ മീഡിയാ), നാഷണൽ കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുന്നവർ: പാസ്റ്റേഴ്സ് രാജൻ പി. സ്കറിയ, സി. സി. തോമസ്, ബാബു എം. ജോൺ, തമ്പി മാത്യു, മോനി മാത്യു, ജോൺസൺ സഖറിയാ, ജോൺ തോമസ്, സണ്ണി മാത്യു, ബ്രദേഴ്സ് വിൽസൺ വർഗീസ്, കോശി എം. വർഗീസ്, ഏബ്രഹാം ടി. ജോസ്. കൂടാതെ പാസ്റ്റർ കെ.ജെ. മാത്യു (ചർച്ച് ഗ്രോത്ത് കോർഡിനേറ്റർ), ബ്രദർ വർഗീസ് ജോസഫ് (ഓഡിറ്റർ) എന്നീ നിലകളിലും പ്രവർത്തിക്കുന്നു. ലേഡീസ് വിഭാഗത്തിലേക്ക് സിസ്റ്റേഴ്സ് അനിത സതീശ് (പ്രസിഡണ്ട്), അമ്മിണി മാത്യു (വൈസ് പ്രസിഡണ്ട്), സൂസൻ ബി. ജോൺ (സെക്രട്ടറി), ഗ്ലോറി ജോസഫ് (ട്രഷറാർ), ബിനു തോമസ്, പൊന്നമ്മ തോമസ് (നാഷണൽ പ്രതിനിധികൾ) എന്നിവർ പ്രവർത്തിക്കുന്നു. റവ. ഡോ. റയ്മണ്ട് കൽപെപ്പർ, റവ. ഡഗ്ളസ് സ്മാൾ, റവ. ഡോ. മാർക്ക് വാക്കർ, റവ. ഗ്ലെൻ ബെഡോസ്കി, റവ. പി. ഐ. ഏബ്രഹാം, റവ. എം. കുഞ്ഞപ്പി, സിസ്റ്റർ സൂസൻ ദാനിയേൽ എന്നിവരാണ് മുഖ്യപ്രാസംഗീകർ. പാസ്റ്റർ ബേബി ദാനിയേലിൻെറ നേതൃത്വത്തിൽ ലോക്കൽ തലങ്ങളിലുള്ള കമ്മിറ്റികൾ സമ്മേളനത്തിൻെറ സുഗമമായ നടത്തിപ്പിനുവേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. "ഉണർന്നിരുന്നു പ്രാർത്ഥിപ്പീൻ" (ലൂക്കോസ് 21:36). എന്നതാണ് ചിന്താവിഷയം.

ദൈവമനുവദിച്ചാൽ 2010ൽ ദൈവസഭകളുടെ 15-ാമതു സമ്മേളനം പാസ്റ്റർ തമ്പി മാത്യുവിൻെറ നേതൃത്വത്തിൽ അറ്റ്ലാൻറയിൽവെച്ചു നടത്തുവാൻ ജനറൽബോഡിയിൽ തീരുമാനിച്ചിരുന്നു.

തുടർന്നുള്ള നാളുകളിലേയും ചരിത്രങ്ങൾ ഓർമ്മയിൽ തങ്ങിനിൽക്കത്തക്കവണ്ണം വരുംതലമുറക്കു പ്രയോജനപ്പെടുവാൻ ഭാവിയിൽ ചുമതലപ്പെട്ടവർ ശ്രദ്ധിക്കും എന്നു വിശ്വസിച്ചുകൊണ്ട് NACOG ൻെറ ഇതുവരെയുള്ള ചരിത്രത്തിന് ഇവിടെ വിരാമമിടുന്നു.

ക്രിസ്തുവിൻ സ്നേഹത്തിൽ
പാസ്റ്റർ പി. പി. കുര്യൻ

**കുറിപ്പ്:-** ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ പരമാവധി ഉത്തരവാദിത്വപ്പെട്ടവരുമായി ബന്ധപ്പെട്ടതിനു ശേഷം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരുപക്ഷേ പലരുടേയും പേരുവിവരങ്ങൾ ചേർക്കുവാൻ സാധിക്കാതെപോയിട്ടുണ്ട്. എന്നാൽ സമ്മേളനങ്ങളുടെ ഒരു ചെറുവിവരണം മാത്രമേ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ചേർക്കുവാൻ സാധിക്കുകയുള്ളു. എല്ലാവരുടേയും പേരുകൾ ചേർക്കുവാൻ സാധിക്കാഞ്ഞതിൽ ഖേദിക്കുന്നു.